# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5639 — 18.11.2019 - ൽ മറുപടിക്ക്

## ആരോഗ്യവകുപ്പിലെ ബൈട്രാൻസ്ഫർ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിന്റെ 76/2017 ഉത്തരവിൽ പറയുന്ന പ്രകാരം ബൈട്രാൻസ്ഫർ ഒഴിവുകളിലേക്ക് അപേക്ഷ ഇല്ലാത്തപക്ഷം ആ ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | ഉണ്ട്. നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യത നേടിയവരുടെ അപേക്ഷകൾ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | | |
| (സി) | അന്തർ ജില്ലാമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ അർഹരായ ഉദ്യോഗസ്ഥർ ഇല്ലാത്ത സാഹചര്യത്തിൽ നിലവിലെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നൽകാൻ വ്യവസ്ഥയുണ്ടോ; | (സി) & (ഡി) | ഇല്ല. 02.12.1991 തിയ്യതിയിലെ സ.ഉ.(അച്ചടി) നം.36/91/പി&എആർഡി നമ്പർ ഉത്തരവ് പ്രകാരം ഒരു ജില്ലയിൽ ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവിൽ 10% ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നികത്താവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നു. |
| (ഡി) | ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | | |
| (ഇ) | ജെ.എച്ച്.ഐ. ഗ്രേഡ് II - ന്റെ നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിയാറായ സാഹചര്യത്തിൽ 2020 ഡിസംബർ 31 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ | (ഇ) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.11.2019-ലെ ഇ.ജി.2-40/2016/ആ.വ.ഡ. നമ്പർ ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളിലും സ്ഥാനക്കയറ്റം |

| | |
| --- | --- |
| കണ്ടെത്തി നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | നടത്തുകയും ആയത് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ഡിസംബർ 31 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരികയാണ്. |

Milan

സെക്ഷൻ ഓഫീസർ